**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ ടിക്കറ്റിതര വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എ കെ എം അഷ്റഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ടിക്കറ്റിതര വരുമാനം ലഭിക്കുന്നത് ഏതെല്ലാം രീതിയിലാണെന്നറിയ്ക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ജനോപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കി വരുന്നത്. സമുദ്ര ബസ് പദ്ധതി :- മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ മത്സ്യ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോ റിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും, രാത്രിയിലും പല സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാക്കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ വാഹനം ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും തിരുവനന്തപുരം സിറ്റിയ്ക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യതൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് നടത്തിവരുന്നു. Fish on Wheels, Foodies on Wheels, Mobile Ration shop എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ) സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ആവശ്യങ്ങൾക്കും, വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കും |

ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദ സഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകി വരുന്നുണ്ട്. ഇതു കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി.യ്ക്ക് കിലോമീറ്ററിന് 57/- രൂപ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകി വരുന്നുണ്ട്. സ്കൂൾ Bond Service, Company Bond Service എന്നിവ ആരംഭിക്കുവാനുള്ള സന്നദ്ധത KSRTC ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. വിവിധ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ നിന്നും കേരളത്തിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ യാത്രക്കാരുടെ എണ്ണം / ആവശ്യകത അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അധിക സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി പ്രത്യേക സർവ്വീസുകളും ആവശ്യാനുസരണം അയച്ച് വരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്ഷ്യൽ / മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിലൂടേയും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. കൂടാതെ കൊറിയർ / പാഴ്സൽ സർവ്വീസുകൾ, എ.ടി.എം. എന്നിവയ്ക്കായി ലേലം / ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ഫല പ്രദമായ രീതിയിൽ

| | | | |
|---|---|---|---|
| | | | മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിങ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള കൺസ്യൂമർ പമ്പുകളിൽ പൊതുജനങ്ങൾക്ക് ഇന്ധനം വിൽക്കുന്നതിനായി റീട്ടെയിൽ ഔട്ട് ലെറ്റുകൾ തുറക്കുന്നത് വഴി ടിക്കറ്റേതര വരുമാനം ലഭിക്കുന്നതാണ്. ഇതിനോടനുബന്ധമായി, ഓയിൽ, എൽ.പി.ജി. സിലിണ്ടർ എന്നിവയും വിൽപ്പനയ്ക്ക് നൽകുന്നതും വഴിയും ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് വഴിയും പൊതുജനങ്ങളെ പമ്പിലേയ്ക്ക് ആകർഷിയ്ക്കുവാൻ കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ തിരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ വാണിജ്യ പ്രാധാന്യമുള്ള ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചു വരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു കഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം, കായംകുളം, തൃശ്ശൂർ, ഗുരുവായൂർ വിഴിഞ്ഞം എന്നീ ബസ് സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദേവികുളത്ത് ഒരു Holiday Home Project ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പെട്രോൾ ബങ്കുകൾ സ്ഥാപിക്കുന്നതിനും ഡിപ്പോകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിനും തീരുമാനിച്ചിരുന്നോ; | (ബി) | പൊതുമേഖലാ എണ്ണകമ്പനികളുമായി ചേർന്ന് 75 പെട്രോൾ ബങ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതിൽ 8 റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകളുടെ പ്രവർത്തന ഉദ്ഘാടനം 15.09.2021-ൽ ചെയ്തു. ഈ ഔട്ട്ലെറ്റുകൾ വിജയകരമായി പ്രവർത്തിച്ച് വരുന്നു. കിഴക്കേകോട്ട, കിളിമാനൂർ, ചടയമംഗലം, മൂവാറ്റുപുഴ, ചേർത്തല, മൂന്നാർ, ചാലക്കുടി, കോഴിക്കോട് എന്നിവടങ്ങളിലെ ഡിപ്പോകളിലാണ് യാത്ര fuel outletകൾ തുടങ്ങിയിട്ടുള്ളത്. അടുത്ത 100 ദിന പരിപാടിയിൽ തൃശ്ശൂർ, ഗുരുവായൂർ, സുൽത്താൻ ബത്തേരി, |

| | | | |
|---|---|---|---|
| | | | പെരിന്തൽമണ്ണ, കാസർഗോഡ്, കണ്ണൂർ, ആലുവ, പാലക്കാട്, പൊൻകുന്നം, മാവേലിക്കര തുടങ്ങി 20 കേന്ദ്രങ്ങളിൽ KSRTC യാത്രാ fuel outlet തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കെ.എസ്.ആർ.ടി.സി. ഡിപ്പോകളും, ബസ് സ്റ്റാന്റുകളും ഇല്ലാത്ത ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ ബിവറേജ് കോർപ്പറേഷന്റെ നിലവിലുള്ള ഔട്ട്‌ലെറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് BEVCOയുമായി ചർച്ച നടന്നു വരുന്നു. |
| (സി) | ഇതുവഴി എത്ര തുക വരുമാനമായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ? | (സി) | താഴെ പറയുന്ന വിവിധ പദ്ധതി വ്യാപകമാകുന്നതോടെ, ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്. നിലവിലെ നിരക്കുകൾ ചുവടെ ചേർക്കുന്നു. സമുദ്ര പദ്ധതിയ്ക്കായി വിനിയോഗിക്കുന്ന 3 ബസ്സുകൾക്കായി പ്രതിവർഷം 67.5 ലക്ഷം രൂപയും, പ്രൈവറ്റ് ഹയർ വ്യവസ്ഥയിൽ ബസ് നൽകുന്നതിന് ഈടാക്കുന്ന നിരക്കിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായും ചേർക്കുന്നു. ഡബിൾ ഡക്കർ ബസ്സുകൾ ദിനംപ്രതി 10,000/- രൂപ നിരക്കിലും, വി.എസ്.എസ്.സി.യ്ക്ക് കിലോമീറ്ററിന് 57 രൂപ നിരക്കിലുമാണ് ബസ്സുകൾ വാടക ഇനത്തിൽ നൽകാറുള്ളത്. ഓയിൽ വിൽപ്പനയ്ക്ക് അനുസരിച്ചുള്ള സെയിൽസ് കമ്മീഷൻ ആണ് കെ.എസ്.ആർ.ടി.സി.യുടെ മറ്റൊരു വരുമാനം. വിൽപ്പന വർദ്ധിയ്ക്കുന്നതനുസരിച്ച് വരുമാനം കൂടുന്നതാണ്. പദ്ധതി പൂർണ്ണഘട്ടത്തിലേയ്ക്ക് എത്തുന്നതിനായി ഏകദേശം ഒരു വർഷത്തെ ദൈർഘ്യം പ്രതീക്ഷിക്കുന്നതിനൊപ്പം, പദ്ധതി പൂർണ്ണമായി നടപ്പിൽ വരുമ്പോൾ ഏകദേശം 37 കോടി രൂപയുടെ അധിക വാർഷിക വരുമാനം പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | |
|---|---|
| 5 മണിക്കൂർ വരെയുള്ളതിന് (പരമാവധി 100 കി.മീറ്ററിന്) | കിലോമീറ്റർ നിരക്ക് 50/- രൂപ വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 500/- രൂപ മിനിമം ചാർജ് 8000/- രൂപ. ഇപ്രകാരം കണക്കാക്കുന്ന തുക 8000/- രൂപയിൽ കുറവാണെങ്കിൽ 8000/- രൂപയും, 8000/- രൂപയിൽ കൂടുന്ന പക്ഷം ആ തുകയും ഈടാക്കണം. |
| 6 മണിക്കൂർ വരെയുള്ളതിന് (പരമാവധി 150 കി.മീറ്ററിന്) | കിലോമീറ്റർ നിരക്ക് 50/- രൂപ വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 500/- രൂപ, മിനിമം ചാർജ് 10000/- രൂപ. ഇപ്രകാരം കണക്കാക്കുന്ന തുക 10000/- രൂപയിൽ കുറവാണെങ്കിൽ 10000/- രൂപയും, 10000/- രൂപയിൽ കൂടുന്ന പക്ഷം ആ തുകയും ഈടാക്കണം. |
| 8 മണിക്കൂർ വരെയുള്ളതിന് (പരമാവധി 200 കി.മീറ്ററിന്) | കിലോമീറ്റർ നിരക്ക് 50/- രൂപ വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 500/- രൂപ മിനിമം ചാർജ് 12000/- രൂപ. ഇപ്രകാരം കണക്കാക്കുന്ന തുക 12000/- രൂപയിൽ കുറവാണെങ്കിൽ 12000/- രൂപയും, 12000/- രൂപയിൽ കൂടുന്ന പക്ഷം ആ തുകയും ഈടാക്കണം. |
| 8 മണിക്കൂറിനും 200 കിലോമീറ്ററിനും മുകളിൽ | കിലോമീറ്റർ നിരക്ക് 50/- രൂപ വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 500/- രൂപ മിനിമം ചാർജ് 15000/- രൂപ. ഇപ്രകാരം കണക്കാക്കുന്ന തുക 15000/- രൂപയിൽ കുറവാണെങ്കിൽ 15000/- രൂപയും, 15000/- രൂപയിൽ കൂടുന്ന പക്ഷം ആ തുകയും ഈടാക്കണം. |

Radha

**സെക്ഷൻ ഓഫീസർ**